പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1877 — 08.12.2014 ലെ മറുപടിയ്ക്ക്

## തീരദേശ പരിപാലന അതോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.വി. അബ്ദുൽ ഖാദർ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) തീരദേശ പരിപാലന അതോറിറ്റി എന്നാണ് നിലവിൽ വന്നത് ; അതിന്റെ അംഗങ്ങൾ ആരെല്ലാമാണ്; വ്യക്തമാക്കാമോ ; | (എ) 1986 ലെ പരിസ്ഥിതി സംരക്ഷണ ആക്ടിൽ അധിഷ്ഠിതമായി കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ SO No: 1001 (E) 26 നവംബർ 1998 ലെ വിജ്ഞാപന പ്രകാരം തീരദേശ പരിപാലന അതോറിറ്റി ആദ്യമായി നിലവിൽ വന്നു. പ്രസ്തുത തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 2 വർഷമായിരുന്നു. നിലവിലുള്ള തീരദേശ പരിപാലന അതോറിറ്റി പ്രാബല്യത്തിൽ വന്നത് 2011 ഡിസംബർ 20 നാണ്. ഈ അതോറിറ്റിയുടെ കാലാവധി 3 വർഷമാണ്. നിലവിലുള്ള സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.<br>1. പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് - അതോറിറ്റി അദ്ധ്യക്ഷൻ.<br>2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് - അംഗം<br>3. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് - അംഗം<br>4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം<br>5. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് - അംഗം<br>6. സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ് - അംഗം<br>7. അദ്ധ്യക്ഷൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - അംഗം<br>8. ഡയറക്ടർ, ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം - അംഗം<br>9. പ്രൊഫ. ഡോ.കെ.പത്മകുമാർ, അക്വാട്ടിക് ബയോളജി, കേരള യൂണിവേഴ്സിറ്റി - അംഗം |

10. പ്രൊഫ. ഡോ. എ. രാമചന്ദ്രൻ, രജിസ്ട്രാർ, ഇൻഡസ്ട്രിയൽ ഫിഷറീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി - അംഗം
11. ശ്രീ. ബേബി ജോൺ, മലബാർ കോസ്റ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് റിസർച്ച് ആന്റ് ആക്ഷൻ (MCITRA), കോഴിക്കോട് - അംഗം
12. മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി.

| | |
|---|---|
| (ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നിർവ്വചിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | (ബി) **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ഈ അതോറിറ്റിയുടെ അധികാരങ്ങൾ എന്തെല്ലാം ; അത് പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളത് ; നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ പര്യാപ്തമായ നിയമ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) **അനുബന്ധമായി** ചേർത്തിരിക്കുന്ന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അധികാരങ്ങൾ കൂടി വിശദീകരിച്ചിട്ടുണ്ട്. അവ പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ 1986 ലെ പരിസ്ഥിതി സംരക്ഷണ ആക്ടും അതിൽ അധിഷ്ഠിതമായ നിയമങ്ങളുമാണ് നിലവിലുള്ളത്. പ്രസ്തുത നിയമങ്ങൾ നിലവിൽ ഇതിന്റെ നടത്തിപ്പിനായി പര്യാപ്തമാണ്. |
| (ഡി) അതോറിറ്റിയ്ക്ക് സ്വന്തമായി ഒരു ആസ്ഥാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഇല്ല. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റേയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റേയും ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് ഏകോപിപ്പിക്കുന്നത്. ഭരണനിർവ്വഹണ കാര്യങ്ങൾ ശാസ്ത്ര സാങ്കേതിക (എ) വകുപ്പും, സാങ്കേതിക സഹായങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നൽകി വരുന്നു. തിരുവനന്തപുരം പട്ടത്തെ ശാസ്ത്ര ഭവൻ ആസ്ഥാനമാക്കിയാണ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. |

(അണ്ടർ സെക്രട്ടറി)

**അനുബന്ധം**

ബി. I. കേരള തീരദേശ പരിപാലന അതോറിറ്റിക്ക് 2011 ലെ തീരദേശ വിജ്ഞാപനം കേരളത്തിൽ നടപ്പിൽ വരുത്താനുള്ള ചുമതലയുണ്ട്. തീരദേശത്തുള്ള പരിസ്ഥിതി സംരക്ഷണത്തിനും പരിസ്ഥിതി മെച്ചപ്പെടുത്തുന്നതും കൂടാതെ പരിസ്ഥിതി മലിനീകരണം തടയാനും മലിനീകരണം നിയന്ത്രണ വിധേയമാക്കാനും ഈ അതോറിറ്റിക്ക് അധികാരമുണ്ട്.

അതോറിറ്റിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

II. 1. തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിക്കായി ലഭിക്കുന്ന പദ്ധതി രേഖകൾ, അപേക്ഷ ലഭിച്ചതിന്റെ അറുപതു ദിവസത്തിനുള്ളിൽ തീരദേശ നിയന്ത്രണ വിജ്ഞാപന മാനദണ്ഡങ്ങൾ പ്രകാരമാണോ എന്ന്പരിശോധിച്ച് ശുപാർശകൾ തയ്യാറാക്കേണ്ടതാണ്.

(a) 2006 ലെ പരിസ്ഥിതി പ്രത്യാഘാത നിർണ്ണയ വിജ്ഞാപനത്തിൻ കീഴിൽ വരുന്ന അപേക്ഷകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനോ സംസ്ഥാന പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ അതോറിറ്റിക്കോ കൈമാറേണ്ടതാണ്.

(b) പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ വിജ്ഞാപനത്തിൽ ഉൾപ്പെടാത്ത പദ്ധതികൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനാണ് ശുപാർശ ചെയ്യേണ്ടത്.

(c) മുകളിൽ ഉൾപ്പെടാത്ത പദ്ധതികൾ സംസ്ഥാന തീരദേശ അതോറിറ്റിയാണ് തീർപ്പുകൽപ്പിക്കേണ്ടത്.

2. തീരദേശ പരിപാലന പ്ലാൻ പ്രകാരവും നിലവിലുള്ള തീരദേശ പരിസ്ഥിതി വിജ്ഞാപനം പ്രകാരവും തീരദേശത്തുള്ള വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കേണ്ടത് തീരദേശ പരിപാലന അതോറിറ്റിയാണ്.

3. സംസ്ഥാന സർക്കാർ, തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ പ്രാഥമിക ഉത്തരവാദിത്വം നടപ്പിൽ വരുത്തുവാനും പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള വ്യവസ്ഥകളുടെ നടത്തിപ്പിനായും വേണ്ട സഹായങ്ങൾ

ചെയ്യുന്നു. ഈ കാര്യത്തിനായി സംസ്ഥാന സർക്കാർ ജില്ലാ കളക്ടർ അദ്ധ്യക്ഷനും പ്രാദേശിക തീരദേശത്തുള്ള പരമ്പരാഗത ജനസമൂഹത്തിന്റെയും മത്സ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടേയും 3 ൽ കൂടുതൽ പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുള്ള ജില്ലാതല സമിതികൾ രൂപീകരിക്കേണ്ടതാണ്.

4. തീരദേശ പരിപാലന പ്ലാനിലും തീരദേശ നിയന്ത്രണ മേഖലയിലും മാറ്റങ്ങൾ വരുത്താനുള്ള കേരള സർക്കാരിന്റെ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ ശുപാർശകൾ ദേശീയ തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

5. (a) തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ വ്യവസ്ഥകളുടെ ലംഘനങ്ങൾ പരിശോധിക്കുകയും വേണ്ടി വന്നാൽ പരിസ്ഥിതി സംരക്ഷണ ആക്ട് ഛേദം (5) പ്രകാരം ഉചിതമായ നിർദ്ദേശങ്ങൾ നല്കാവുന്നതാണ്.

(b) പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്കെതിരെ സ്വമേധയായോ വ്യക്തികളുടേയോ സംഘടനകളുടേയോ പരാതിപ്രകാരവും നടപടിയെടുക്കാവുന്നതാണ്.

6. തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ നടത്തിപ്പിൽ വീഴ്ച പറ്റിയാൽ ഛേദം 19 പ്രകാരം പരാതി ഫയൽ ചെയ്യാനുള്ള അധികാരം അതോറിറ്റിക്കുണ്ട്.

7. തർക്കമുള്ള വിഷയങ്ങളിൽ നിജസ്ഥിതി മനസ്സിലാക്കി ഉചിത നടപടികൾ എടുക്കാവുന്നതാണ്.

III. തീരദേശ രേഖകളുമായി ബന്ധപ്പെട്ട പദ്ധതി രേഖകൾ ദേശീയ പരിപാലന അതോറിറ്റിയിൽ നിന്നോ സർക്കാരിൽ നിന്നോ ലഭിക്കുകയാണെങ്കിൽ അത്തരം പ്രശ്നങ്ങളെ വിജ്ഞാപന പ്രകാരം വേണ്ട വിധം അതോറിറ്റി കൈകാര്യം ചെയ്യേണ്ടതാണ്.

IV തീരദേശ പരിപാലന അതോറിറ്റിയുടെ സുതാര്യമായ നടത്തിപ്പിനായി പ്രത്യേക വെബ്സൈറ്റ് തുടങ്ങുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഈ

വെബ്സൈറ്റിൽ മീറ്റിംഗുകളുടെ അജണ്ട, മിനിട്സ്, എടുത്ത തീരുമാനങ്ങൾ, അനുമതി പത്രങ്ങൾ, ലംഘനങ്ങൾ, ലംഘനങ്ങൾക്കെതിരെയെടുത്ത നടപടികൾ, കോടതി കാര്യങ്ങളും കോടതി വിധികളും, അംഗീകൃത തീരദേശ പരിപാലന പ്ലാൻ തുടങ്ങിയവയും ഉൾപ്പെടുത്തേണ്ട നടപടി സ്വീകരിച്ച് വരുന്നു.

V അതോറിറ്റിയുടെ പ്രവർത്തന റിപ്പോർട്ട് ദേശീയ പരിസ്ഥിതി പരിപാലന അതോറിറ്റിക്ക് നല്കേണ്ടതാണ്.

VI തീരദേശ പരിപാലന അതോറിറ്റിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമാണ്..

( മെമ്പർ സെക്രട്ടറി )